**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4235** **28-06-2024 - ൽ മറുപടിയ്ക്ക്**

**തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഗ്യാപ് ഫണ്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ രമേശ് ചെന്നിത്തല | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ഏതെല്ലാം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലാണ് കഴിഞ്ഞ ആറ് മാസത്തിനുള്ളിൽ തനത് വരുമാനത്തിന്റെയും ജനറൽ പർപ്പസ് ഗ്രാന്റിന്റെയും കുറവ് കാരണം ജീവനക്കാരുടെ ശമ്പളം മുടങ്ങിയിട്ടുള്ളത്; ജില്ല തിരിച്ചുള്ള വിശദാംശം നൽകാമോ; | (എ) | **തിരുവനന്തപുരം**<br><br>ജില്ലയിൽ തദ്ദേശ സ്ഥാപനങ്ങളിൽ ശമ്പള വിതരണം മുടങ്ങിയിട്ടില്ല.<br><br>**കൊല്ലം**<br><br>ജില്ലയിലെ മൺറോ തുരുത്ത്, വെസ്റ്റ് കല്ലട എന്നീ പഞ്ചായത്തുകളിൽ ശമ്പള വിതരണം നടത്തുന്നതിൽ കാലതാമസം വന്നിട്ടുണ്ട്.<br><br>**പത്തനംതിട്ട**<br><br>ജില്ലയിൽ ചെറുകോൽ, മൈലപ്ര, നാറാണംമൂഴി, സീതത്തോട്, തണ്ണിത്തോട് എന്നീ ഗ്രാമ പഞ്ചായത്തുകളിൽ ഫണ്ടിന്റെ കുറവ് കരണം ശമ്പളം മുടങ്ങിയിട്ടുണ്ട്.<br><br>**ആലപ്പുഴ**<br><br>ജില്ലയിലെ കാവാലം ഗ്രാമ പഞ്ചായത്തിൽ 01-01-2024 മുതൽ യഥാസമയം ശമ്പളം നൽകാൻ സാധിച്ചിട്ടില്ല. ആലപ്പുഴ ജില്ലയിലെ ചെറുതന പഞ്ചായത്തിൽ കഴിഞ്ഞ ഏപ്രിൽ മാസത്തെ ശമ്പളം നൽകാൻ താമസിച്ചിട്ടുണ്ട്.<br><br>**കോട്ടയം**<br><br>ജില്ലയിലെ കോരുത്തോട്, തലനാട് എന്നീ ഗ്രാമ പഞ്ചായത്തിലും ചങ്ങനാശേരി, പാലാ, ഈരാറ്റുപേട്ട എന്നീ നഗരസഭകളിലും ശമ്പള വിതരണത്തിൽ കാലതാമസം നേരിട്ടിട്ടുണ്ട്.<br><br>**എറണാകുളം**<br><br>അയ്യമ്പുഴ,ഏഴിക്കര പഞ്ചായത്തുകളിലും ആലുവ നഗരസഭയിലും ശമ്പള വിതരണത്തിൽ കാലതാമസം |

| | | | |
|---|---|---|---|
| | | | വന്നിട്ടുണ്ട്.<br><br>**<u>തൃശ്ശൂർ</u>**<br><br>ജില്ലയിൽ തദ്ദേശ സ്ഥാപനങ്ങളിൽ ശമ്പള വിതരണം മുടങ്ങിയിട്ടില്ല.<br><br>**<u>ഇടുക്കി</u>**<br><br>ജില്ലയിൽ തദ്ദേശ സ്ഥാപനങ്ങളിൽ ശമ്പള വിതരണം മുടങ്ങിയിട്ടില്ല.<br><br>**<u>പാലക്കാട്</u>**<br><br>കേരളശേരി, നെല്ലിയാമ്പതി, പൂക്കോട്ടുകാവ് എന്നീ പഞ്ചായത്തുകളിലും ഷൊർണൂർ നഗരസഭയിലും ശമ്പള വിതരണം മുടങ്ങിയിട്ടുണ്ട്.<br><br>**<u>മലപ്പുറം</u>**<br><br>ജില്ലയിൽ തദ്ദേശ സ്ഥാപനങ്ങളിൽ ശമ്പള വിതരണം മുടങ്ങിയിട്ടില്ല .<br><br>**<u>കോഴിക്കോട്</u>**<br><br>ജില്ലയിൽ തദ്ദേശ സ്ഥാപനങ്ങളിൽ ശമ്പള വിതരണം മുടങ്ങിയിട്ടില്ല.<br><br>**<u>വയനാട്</u>**<br><br>ജില്ലയിൽ തദ്ദേശ സ്ഥാപനങ്ങളിൽ ശമ്പള വിതരണം മുടങ്ങിയിട്ടില്ല.<br><br>**<u>കണ്ണൂർ</u>**<br><br>ജില്ലയിൽ തലശ്ശേരി നഗരസഭയിൽ ഫെബ്രുവരി മാസത്തെ ശമ്പള വിതരണത്തിൽ കാലതാമസം വന്നിട്ടുണ്ട്.<br><br>**<u>കാസർഗോഡ്</u>**<br><br>ജില്ലയിൽ തദ്ദേശ സ്ഥാപനങ്ങളിൽ ശമ്പള വിതരണം മുടങ്ങിയിട്ടില്ല. |
| (ബി) | തനത് വരുമാനത്തിന്റെയും ജനറൽ പർപ്പസ് ഗ്രാന്റിന്റെയും കുറവ് കാരണം ആലപ്പുഴ ജില്ലയിലെ ചെറുതന പഞ്ചായത്തിൽ കഴിഞ്ഞ മൂന്ന് മാസത്തിനുള്ളിൽ ജീവനക്കാരുടെ ശമ്പളം മുടങ്ങിയ വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുമായി ബന്ധപ്പെട്ട് പ്രസ്തുത ഗ്രാമപഞ്ചായത്തിൽ നിന്ന് എൽ.എസ്.ജി.ഡി. പ്രിൻസിപ്പൽ ഡയറക്ടർക്ക് | (ബി) | ഉണ്ട്. ആലപ്പുഴ ജില്ലയിലെ ചെറുതന പഞ്ചായത്തിൽ കഴിഞ്ഞ ഏപ്രിൽ മാസത്തെ ശമ്പളം നൽകാൻ താമസിച്ചിട്ടുണ്ട്. ഏപ്രിൽ മാസത്തെ ശമ്പളം 09.04.2024 നാണ് നൽകിയത്. പ്രസ്തുത വിഷയത്തിൽ എൽ.എസ്.ജി.ഡി. പ്രിൻസിപ്പൽ ഡയറക്ടർ ഓഫീസിൽ ലഭിച്ച കത്തിന്മേൽ ജില്ലാ ജോയിന്റ് ഡയറക്ടറിൽ നിന്നും 15.06.2024 |

| | | | |
|---|---|---|---|
| | നൽകിയ കത്തിന്മേൽ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; | | തീയതിയിലെ LSGD/1412/2024/PE2 നമ്പർ കത്ത് പ്രകാരം റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (സി) | തനത് വരുമാനത്തിന്റെയും ജനറൽ പർപ്പസ് ഗ്രാന്റിന്റെയും കുറവ് കാരണം സാമ്പത്തിക പ്രതിസന്ധി നേരിടുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന ഗ്യാപ്പ് ഫണ്ട് കൃത്യമായി വിതരണം ചെയ്യുന്നുണ്ടോയെന്നും എന്ത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് വിതരണം ചെയ്യുന്നതെന്നും അറിയിക്കാമോ; | (സി) | 2023-24 വർഷത്തെ ഗ്യാപ്പ് ഫണ്ട് 30.03.2024 ൽ തദ്ദേശ സ്ഥാപനങ്ങൾ അനുവദിച്ചിരുന്നു. എന്നാൽ തദ്ദേശ സ്ഥാപനങ്ങൾക്ക് പ്രസ്തുത തുക ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യാൻ കഴിയാതിരുന്നതിനാൽ ആയത് 2024-25 സാമ്പത്തിക വർഷം പുനരനുവദിച്ചിട്ടുണ്ട്. ഗ്യാപ്പ് ഫണ്ട് ആവശ്യമുള്ള തദ്ദേശ സ്ഥാപനങ്ങൾ ബന്ധപ്പെട്ട രേഖകൾ സഹിതം സംസ്ഥാന ഓഡിറ്റ് വിഭാഗത്തിന് നിശ്ചിത അപേക്ഷ സമർപ്പിക്കുകയും ആയത് സംസ്ഥാന ഓഡിറ്റ് വിഭാഗം പരിശോധിച്ച് അർഹതാ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ സമർപ്പിക്കുന്ന ലിസ്റ്റ് പ്രകാരമാണ് സർക്കാർ ഗ്യാപ്പ് ഫണ്ട് വിതരണം നടത്തുന്നത്. |
| (ഡി) | ചെറുതന പഞ്ചായത്ത് ഗ്യാപ്പ് ഫണ്ടായി എത്ര തുകയാണ് ആവശ്യപ്പെട്ടിരുന്നതെന്നും എത്ര തുക അനുവദിച്ചുവെന്നും ശേഷിക്കുന്ന ഫണ്ട് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്നും അറിയിക്കാമോ? | (ഡി) | ചെറുതന ഗ്രാമ പഞ്ചായത്ത് ഗ്യാപ്പ് ഫണ്ടായി 2023 ൽ 44,96,333/- രൂപ ആവശ്യപ്പെട്ടിരുന്നു. സംസ്ഥാന ഓഡിറ്റ് വിഭാഗം മാനദണ്ഡങ്ങൾ പരിശോധിച്ച് അർഹതയുടെ അടിസ്ഥാനത്തിൽ സമർപ്പിക്കുന്ന ലിസ്റ്റ് പ്രകാരമാണ് ഗ്യാപ്പ് ഫണ്ട് വിതരണം നടത്തുന്നത്. ഈ വർഷം ഗ്യാപ്പ് ഫണ്ട് ഇനത്തിൽ ചെറുതന പഞ്ചായത്തിന് ആകെ 13,72,907/- രൂപ അനുവദിച്ചിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ